LIBRARY ARCHIVES Kerala Legislative Assembly

ടെക്നോപാർക്കിലെ ടൊറോയിഡ് കമ്പനി മാനേജ്മെന്റിനെതിരെയുള്ള തൊഴിലാളി സമരം

48 [480] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്നോപാർക്കിലെ ടൊറോയിഡ് കമ്പനിയിലെ തൊഴിലാളികൾ മാനേജുമെന്റിനെതിരെ നടത്തുന്ന സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സമരത്തിനിടയാക്കിയ സാഹചര്യങ്ങൾ എന്താണെന്നും അവ പരിഹരിക്കുന്നതിന് കൈക്കൊണ്ട നടപടികൾ എന്താണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിൽ ടെക്നോപാർക്കിൽ പ്രവർത്തിക്കുന്ന ടൊറോയിഡ് ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിലെ നാലു ജീവനക്കാരെ ജോലിയിൽനിന്നും അകാരണമായി പിരിച്ചുവിട്ടു എന്നു കാണിച്ചുകൊണ്ട് യൂണിയൻ ഭാരവാഹികൾ കൂടിയായ ഇവരെ തിരിച്ചെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ടൊറോയിഡ് എംപ്ലോയീസ് അസോസിയേഷൻ ജില്ലാ ലേബർ ഓഫീസർക്കും ലേബർ കമ്മീഷണർക്കും പരാതി നൽകുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ നടന്ന അനുരഞ്ജന ചർച്ച പരാജയമായിത്തീർന്നതിനാൽ തൊഴിൽതർക്ക നിയമത്തിലെ സെക്ഷൻ 10(1)(ഡി) അനുസരിച്ച് ടി തൊഴിൽ തർക്കം കൊല്ലം ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന് അഡ്ജൂഡിക്കേഷന് വിട്ടുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം

49 [481] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരുടെ എണ്ണം എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം രജിസ്റ്റർ ചെയ്തവരുടെ എണ്ണം എത്രയെന്ന് വെളിപ്പെടുത്തുമോ;